ഹരിജൻ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ

1069 [1981] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) ഷെയറെടുക്കുന്നതിനു മെമ്പർമാരായി ഹരിജനങ്ങൾക്കു മറ്റു മെമ്പർമാരിൽനിന്നും വല്ല പ്രത്യേക ഇളവുകളും അനുവദിച്ചിട്ടുണ്ടോ;

(സി) ഈ സംഘങ്ങൾക്കനുവദിച്ചിട്ടുള്ള പ്രവർത്തന മൂലധനം മറ്റു സംഘങ്ങളിൽനിന്നും വ്യത്യസ്തമാണോ?

ഉത്തരം

(എ) ഹരിജൻ സഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന ധന സഹായങ്ങൾ ഇപ്പോൾ നൽകിവരുന്നുണ്ട്.

1. ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ
2. പ്രവർത്തന മൂലധനഫണ്ട്
3. ഓഹരിമൂലധന ഗ്രാൻറ്
4. പലിശ സബ്സിഡി
5. ഫർണിച്ചർ ഗ്രാൻറ്
6. മാനേജീരിയൽ സബ്സിഡി
7. വസ്തു വാങ്ങുന്നതിന് ഗ്രാൻറ്
8. കെട്ടിട നിർമ്മാണ ഗ്രാൻറ്
9. ഡിപ്പാർട്ടുമെൻറൽ ഇൻസ്പെക്ടർമാരുടെ സൗജന്യ സേവനം.

(ബി) അനുവദിച്ചിട്ടുണ്ട്.

(സി) വ്യത്യസ്തമാണ്.

വിജിലൻസ് വിഭാഗം സ്വതന്ത്രവകുപ്പാക്കി മാറ്റാൻ നടപടി

1070 [1982] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് വിജിലൻസ് വിഭാഗം സ്വതന്ത്ര വകുപ്പാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാന വിജിലൻസ് വിഭാഗം ഇപ്പോൾ തന്നെ ഗവൺമെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വതന്ത്രവകുപ്പാണ്.

ഉളിക്കൽ പോലീസ് സ്റ്റേഷൻ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കാനുള്ള നടപടികൾ

1071 [1985] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (1970) കാണുക.]

ജി. ആർ. ബി. ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥി കൾക്ക് നൽകുന്ന സൗകര്യങ്ങൾ

1. ആഹാരച്ചെലവിന് ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 140 രൂപ.
2. വസ്ത്രത്തിന് പ്രതിവർഷം 100 രൂപ.
3. പുസ്തകത്തിനും സ്റ്റേഷനറിക്കുമായി 40 രൂപ.
4. സോപ്പിനും എണ്ണയ്ക്കും മറ്റുമായി മാസം തോറും അഞ്ചു രൂപ.
5. മുടി വെട്ടിക്കാൻ മാസം തോറും മൂന്നു രൂപ.
6. പായ, തലയിണ, ഷീറ്റ് തുടങ്ങിയവയും, സാധനങ്ങൾ വച്ചു പൂട്ടാൻ ഒരു പെട്ടിയും.

ഇവയ്ക്കു പുറമേ പത്രങ്ങൾ, മാസികകൾ, ലൈബ്രറി സൗകര്യം, വൈദ്യസഹായം എന്നിവയും സൗജന്യമായി ലഭ്യമാക്കുന്നു. കൂടാതെ, ഈ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ നിന്ന് സ്റ്റഡി ടൂർ പോകുകയാണെങ്കിൽ അതിന്റെ ചെലവും സർക്കാർ വഹിക്കുന്നു. ഇതിനൊക്കെ പുറമേ കായിക വിനോദങ്ങളിലേർപ്പെടുന്നതിനാവശ്യമായ സൗകര്യവും ഹോസ്റ്റലുകളിൽ ചെയ്തു കൊടുക്കുന്നുണ്ട്.

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (1980) കാണുക]

23–7–1986–ൽ മറുപടി പറയേണ്ട നക്ഷത്ര ചിഹ്നമിടാത്ത 1980–ാം നിയമസഭാ ചോദ്യത്തിന്റെ മറുപടിയുടെ അനുബന്ധം.

1981–ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ജില്ലാടിസ്ഥാനത്തിലുള്ള ജനസംഖ്യാ കണക്ക്.

ജില്ല	ജനസംഖ്യ
വയനാട്	95,557
കണ്ണൂർ	39,704
ഇടുക്കി	38,712
പാലക്കാട് (അട്ടപ്പാടി ഒഴികെ)	8,135
കോട്ടയം	15,227
തിരുവനന്തപുരം	14,145
മലപ്പുറം	7,955
കൊല്ലം	7,442
കോഴിക്കോട്	3,888
എറണാകുളം	3,551
ആലപ്പുഴ	3,273
തൃശൂർ	3,227

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട, കാസർകോട്, എന്നീ ജില്ലകൾ രൂപീകരിച്ചതിനെത്തുടർന്ന് പട്ടികവർഗ്ഗക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൂടി (ഉദ്ദേശക്കണക്കുകൾ) താഴെ കൊടുക്കുന്നു.

കാസർകോട്	24,565
കണ്ണൂർ	15,139
പത്തനംതിട്ട	5,085
കൊല്ലം	3,050
ആലപ്പുഴ	2,580

LIBRARY ARCHIVES Kerala Legislative Assembly